# അനുബന്ധം 1

## ഉത്തരത്തിൽ തിരുത്ത്

പരമ്പരാഗത വ്യവസായ മേഖലയുടെ പുനരുജ്ജീവനം

(545) ശ്രീമതി യു. പ്രതിഭ : താഴെക്കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റ ശേഷം പരമ്പരാഗത വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ഉത്തരം

കരകൗശല വികസന കോർപ്പറേഷനുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ എസ്.എം.എസ്.എം. ഇൻസ്റ്റിറ്റ്യൂട്ടിനോട് ചേർന്ന് സെന്റിനറി ബിൽഡിംഗ് പൂർത്തീകരിച്ചു. സെന്റിനറി ബിൽഡിംഗിൽ 4000 ചതുരശ്രയടി വിസ്തീർണ്ണത്തിൽ ആധുനിക സൗകര്യങ്ങളോടെയുള്ള പ്രമേയാധിഷ്ഠിത ഷോറൂം ആരംഭിച്ചു. ഇത് ഈ മേഖലയിലെ ഒരു നൂതന കാൽവയ്പ്പാണ്. വൈവിദ്ധ്യമാർന്ന പ്രദർശനങ്ങളും

മേളകളും നടത്തുന്നതിനായി 4000 ചതുരശ്രയടി വിസ്തീർണ്ണമുള്ള ഒരു സ്ഥിരം എക്സിബിഷൻ വേദിയും തയ്യാറാക്കി. എസ്.എം.എസ്.എം. ഇൻസ്റ്റിറ്റ്യൂട്ടിനോടുചേർന്ന് സ്പൈസസ് ഇൻ ക്രാഫ്റ്റ്സ് എന്ന ആശയത്തിൽ സുഗന്ധവ്യഞ്ജനവും കരകൗശലവും ചേർന്നുള്ള ഒരു ഷോറൂം ആരംഭിച്ചു. പരമ്പരാഗത തൊഴിലാളികൾക്ക് ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനും പുതിയ ഡിസൈനുകൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നതിനുമായി ഒരു ഇന്റഗ്രേറ്റഡ് ഡിസൈൻ ഡെവലപ്മെന്റ് പ്രോജക്ട്, 9 ഡിസൈൻ & ടെക്നോളജി വർക്ക്ഷോപ്പുകൾ പൂർത്തിയാക്കി. ഈ പരിപാടിയിലൂടെ 310 ആർട്ടിസാൻമാർക്ക് പരിശീലനം നൽകുകയും 140 പുതിയ പ്രോട്ടോടൈപ്പുകൾ നിർമ്മിക്കുകയും ചെയ്തു. കരകൗശല മേഖലയുടെ പുരോഗതിക്കായി വിവിധ സ്ഥലങ്ങളിൽ 49 എക്സിബിഷനുകളും 18 ക്രാഫ്റ്റ് ബസാറുകളും ഒരു ഗാന്ധി ശില്പ ബസാറും സംഘടിപ്പിച്ചു. 4085-ഓളം ആർട്ടിസാൻമാർക്ക് ഇതിലൂടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. കരകൗശല തൊഴിലാളികൾക്ക് സൗജന്യമായി ടൂൾകിറ്റുകൾ വിതരണം ചെയ്യുന്ന പദ്ധതി പുരോഗമിച്ചുവരികയാണ്. പൊതുജനങ്ങളിൽ പ്രത്യേകിച്ച് വിദ്യാർത്ഥികളിൽ കരകൗശല മേഖലയെക്കുറിച്ചുള്ള

അവബോധം വളർത്തുന്നതിനായി ക്രാഫ്റ്റ് അവയർനെസ് പ്രോഗ്രാമുകൾ സംഘടിപ്പിച്ചിട്ടുണ്ട്. അവബോധം സൃഷ്ടിക്കുന്നതുമായി ബനധപ്പെട്ട് ഒരു ഹ്രസ്വ ചിത്രത്തിന്റെ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്. ഓൺലൈൻ വിപണനത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി കൈരളി ഹാന്റിക്രാഫ്റ്റ്സ് എന്ന പേരിൽ ആമസോൺ, ഫ്ലിപ്കാർട്ട് എന്നീ ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകളിൽ ഓൺലൈൻ സെയിൽസ് ആരംഭിച്ചു. കോവിഡ് പ്രതിരോധനത്തിനായി വിവിധതരം കരകൗശല വസ്തുക്കൾ ഉപയോഗപ്പെടുത്തി സാനിറ്റൈസർ ഡിസ്പെൻസർ, കോവിഡ്-19 പ്രൊട്ടക്ഷൻ കിറ്റ് എന്നിവ നിർമ്മിച്ച് വിപണിയിലെത്തിച്ചു. കരകൗശല വികസന കോർപ്പറേഷൻ കണ്ണൂർ ജില്ലയിലെ കുഞ്ഞിമംഗലം, കൊല്ലം ജില്ലയിലെ കടവൂർ എന്നീ സ്ഥലങ്ങളിൽ പൊതുസേവന കേന്ദ്രങ്ങൾ ആരംഭിച്ചു. തൃശ്ശൂർ ജില്ലയിലെ ചേർപ്പിൽ പൊതുസേവന കേന്ദ്രം ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്.

ഖാദി മേഖലയുടെ പുനരുദ്ധാരണത്തിനായി ചർക്കകളുടെയും തറികളുടെയും പരിഷ്കരണം, ഉല്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, തൊഴിലാളികൾക്ക് മിനിമം കൂലി

പരിഷ്കരിക്കുവാനുള്ള നടപടികൾ, ഉത്സവബത്ത 1500 രൂപയാക്കി വർദ്ധിപ്പിച്ചത്, ഉല്പാദന ഇൻസെന്റീവ് ഇരട്ടിയാക്കിയത്, ഇ.എസ്.ഐ. ക്ഷേമനിധി ആനുകൂല്യങ്ങൾ, അദ്ധ്വാനഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കാനുതകുന്ന തരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക്ഷെഡ് പദ്ധതി, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിലെ പരിശീലനം, ഖാദി മേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേയ്ക്കായി ഖാദിഗ്രാമം പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. കൂടാതെ സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി. യന്ത്രവത്കൃത പാവ് നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചെറുകിട ഖാദി വ്യവസായ സംരംഭകർക്ക് സഹായം ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ എന്റെ ഗ്രാമം പദ്ധതി മുഖേന സബ്സിഡി അനുവദിച്ചുനൽകുന്നു. ഇതിനുപുറമെ

പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി പ്രകാരവും (പി.എം.ഇ.ജി.പി.) ഗ്രാമീണ മേഖലയിൽ വായ്പ ലഭ്യമാക്കി വരുന്നു.

കേരള സ്റ്റേറ്റ് ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന കൈത്തൊഴിൽ മേഖലയിൽ ഉല്പാദിപ്പിക്കപ്പെടുന്ന ഉല്പന്നങ്ങൾ കാലതാമസം കൂടാതെ വിറ്റഴിക്കുന്നതിനായി സർവ്വീസ് ആന്റ് സപ്ലൈ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൈത്തറി മേഖലയെ പുനരുദ്ധരിക്കുന്നതിനും പരമ്പരാഗത ആർട്ടിസാൻമാർക്ക് ജോലി നൽകുന്നതിനും തറികളുടെ റിപ്പയർ, പുതിയ തറികളുടെ നിർമ്മാണം എന്നിവ കാഡ്കോ ഏറ്റെടുത്ത് നടപ്പാക്കിവരുന്നു. കേരളത്തിലെ തദ്ദേശസ്വയംഭരണം സ്ഥാപനങ്ങളെ ISO നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി ഓഫീസ് ഫർണിഷിംഗ്, ആധുനികവത്ക്കരണം എന്നിവ ഒരുക്കുന്നതിന്റെ നോഡൽ ഏജൻസിയായി കാഡ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യത്നത്തിന്റെ ഭാഗമായി സ്കൂളുകൾ നവീകരിക്കുന്നതിനുള്ള ഏജൻസിയായി കാഡ്കോയെ നിയോഗിച്ചിട്ടുണ്ട്. പരമ്പരാഗതവും പരിശീലനവും സിദ്ധിച്ച കൈത്തൊഴിലാളികളുടെ വൈദഗ്ദ്ധ്യം പൊതുസമൂഹത്തിന്

പ്രയോജനപ്പെടുത്തുന്നതിനും കേരളത്തിലുടനീളമുള്ള തനത് ആർട്ടിസാൻമാരെ ഒരു കുടക്കീഴിലെത്തിച്ച് അതുവഴി കൂടുതൽ തൊഴിലവസരം സൃഷ്ടിച്ച് സ്ഥിരവരുമാനം ഉറപ്പാക്കുന്നതിനുംവേണ്ടി കാഡ്കോ ആർട്ടിസാൻസ് ലേബർ ഡാറ്റാ ബാങ്ക് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

കൈത്തറി മേഖലയുടെ പുനരുജ്ജീവനം ലക്ഷ്യമാക്കി കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും നെയ്ത്തുകാർക്ക് അധികവേതനം, കൂടുതൽ തൊഴിൽദിനങ്ങൾ എന്നിവ ലഭിക്കുന്നതിനായി സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കി. പ്രസ്തുത പദ്ധതി പ്രകാരം നെയ്ത്തുകാർക്ക് വർഷത്തിൽ 200 മുതൽ 300 ദിവസം വരെ ദിനംപ്രതി 600 രൂപ നിരക്കിൽ തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്. 4 വർഷം പിന്നിട്ടപ്പോൾ 5900 നെയ്ത്തുകാരുടെയും 1600 അനുബന്ധ തൊഴിലാളികളുടെയും തൊഴിൽ സ്ഥിരത ഉറപ്പാക്കുവാനും കഴിഞ്ഞു. സംസ്ഥാനത്ത് പ്രവർത്തനരഹിതമായി പൂട്ടിക്കിടന്നിരുന്ന പല കൈത്തറി സംഘങ്ങളും പ്രസ്തുത പദ്ധതിയുടെ ഭാഗമായി തുറന്നുപ്രവർത്തിപ്പിക്കുവാൻ കഴിഞ്ഞു. കൈത്തറി മേഖലയിൽ നടപ്പിലാക്കിയ മിനിമം കൂലി വർദ്ധനവ്

സ്കൂൾ യൂണിഫോം പദ്ധതിയിലും ഉൾപ്പെടുത്തി. കൂടാതെ യുവാവീവ് പദ്ധതി, ഒരു വീട്ടിൽ ഒരു തറി പദ്ധതി, പുതിയ ഡിസൈനുകളും ബ്രാന്റും പ്രോത്സാഹിപ്പിക്കുന്ന പദ്ധതി, നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രചോദന പരിപാടി (പ്രൊഡക്ഷൻ ഇൻസെന്റീവ്) കൈത്തറി മേഖലയിലെ സ്വയം തൊഴിൽ സഹായ പദ്ധതി, ഗുണമേന്മയുള്ള അസംസ്കൃതവസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ, ടെക്നോളജി അപ്ഗ്രഡേഷൻ പദ്ധതി എന്നിവയും വിജയകരമായി നടപ്പിലാക്കിയതുവഴി കൈത്തറി വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കുവാൻ സാധിച്ചു.

കേരള ദിനേശ് ബീഡി തൊഴിലാളി കേന്ദ്ര സഹകരണ സംഘത്തിന് പ്രവർത്തന ഗ്രാന്റായി 12 കോടി രൂപയും ബീഡി തൊഴിലാളികൾക്ക് ആശ്വാസ പെൻഷൻ നൽകുന്നതിനായി 1.5 കോടി രൂപയും അനുവദിച്ചു.

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കാപ്പക്സ് ഫാക്ടറികൾ പ്രവർത്തന മൂലധനത്തിന്റെ അഭാവം മൂലം അടഞ്ഞുകിടക്കുകയായിരുന്നു. 2016 ഓണത്തിനുമുമ്പ് കാപ്പക്സ് ഫാക്ടറികളെല്ലാം പ്രവർത്തനം ആരംഭിച്ചു. തൊഴിലാളികൾക്ക് കുറഞ്ഞത് 200 തൊഴിൽ ദിനങ്ങൾ എങ്കിലും നൽകുക എന്ന ലക്ഷ്യത്തോടെ കാപ്പക്സ് പ്രവർത്തിച്ചുവരികയാണ്. ഈ സർക്കാർ

അധികാരത്തിൽ വന്നശേഷം 2016 കലണ്ടർ വർഷം 70 തൊഴിൽദിനങ്ങളും 2017 കലണ്ടർ വർഷം 153 തൊഴിൽ ദിനങ്ങളും 2018 കലണ്ടർ വർഷം 181 തൊഴിൽ ദിനങ്ങളും 2019 കലണ്ടർ വർഷം 214 തൊഴിൽ ദിനങ്ങളും 2020 കലണ്ടർ വർഷം കോവിഡ് -19 എന്ന മഹാവ്യാധിമൂലമുണ്ടായ പ്രതിസന്ധി കാപ്പക്സിന്റെ ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിച്ചുവെങ്കിലും 160 തൊഴിൽ ദിനങ്ങളും (01.01.2020 മുതൽ 31.12.2020) കാപ്പക്സ് തൊഴിലാളികൾക്ക് നൽകിക്കഴിഞ്ഞു. കാപ്പക്സ് ഫാക്ടറികളെല്ലാം തന്നെ കോവിഡ്-19 പ്രോട്ടോകോൾ പ്രകാരം പ്രവർത്തിച്ചുവരികയാണ്. കശുവണ്ടിയുടെ സീസൺ സമയത്തുതന്നെ നാടൻ തോട്ടണ്ടി സർക്കാർ നിശ്ചയിക്കുന്ന തറവിലയുടെ അടിസ്ഥാനത്തിൽ പൊതുമേഖലാ സ്ഥാപനമായി ആറളം ഫാം, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള എന്നിവയിൽനിന്നും സംഭരിച്ചുവരികയാണ്. 2020 സീസണിൽ കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ കശുമാവ് കർഷകരെ സഹായിക്കുന്നതിനായി സർക്കാർ നിർദ്ദേശപ്രകാരം കാപ്പക്സ് 780.507 മെട്രിക് ടൺ തോട്ടണ്ടി കിലോഗ്രാമിന് 101 രൂപ നിരക്കിൽ നൽകി ടി ജില്ലകളിലെ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ മുഖേന സംഭരിച്ചിട്ടുണ്ട്.

കശുവണ്ടി വ്യവസായത്തിൽനിന്നും ഇടനിലക്കാരെ ഒഴിവാക്കി കശുവണ്ടി വിദേശരാജ്യങ്ങളിൽനിന്നും നേരിട്ട് സംഭരിക്കുന്നതിനായി കേരളാ കാഷ്യൂ ബോർഡ് എന്ന സ്ഥാപനം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ കാപ്പക്സിന് ഇറക്കുമതി ചെയ്ത തോട്ടണ്ടി കേരളാ കാഷ്യൂ ബോർഡ് ആണ് നൽകിവരുന്നത്. ആധുനികവത്ക്കരണവും ഭാഗികമായ യന്ത്രവത്ക്കരണവും കാപ്പക്സ് ഫാക്ടറികളിലും പാക്കിംഗ് സെന്ററിലും നടന്നുവരികയാണ്. ചെറുകിട വ്യാപാരം വർദ്ധിപ്പിക്കുന്നതിനായി കാപ്പക്സിന്റെ 10 ഫാക്ടറികളിലും പ്രത്യേക സെയിൽസ് ഔട്ട് ലെറ്റുകൾ പ്രവർത്തിച്ചുവരുന്നു. കാപ്പക്സ്സ് തൊഴിലാളികളുടെയും ജീവനക്കാരുടെയും ക്ഷേമപദ്ധതികളായ ESI, EPF, RWF മുതലായവയും കാപ്പക്സ് മുടക്കം കൂടാതെ വിതരണം ചെയ്തുവരുന്നു. 2012 മുതൽ 2014 വരെയുള്ള കാലയളവിൽ റിട്ടയർ ചെയ്ത തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി കുടിശ്ശിക വിതരണം ചെയ്തുകഴിഞ്ഞു. അടഞ്ഞുകിടക്കുന്ന പ്രൈവറ്റ് ഫാക്ടറികളിൽ നിന്നും 1500-ഓളം തൊഴിലാളികളെ ഇതുവരെയായി കാപ്പക്സിന്റെ അധീനതയിലുള്ള 10 ഫാക്ടറികളിലായി പുതിയതായി നിയമിച്ചിട്ടുണ്ട്. ഇപ്പോൾ ഏകദേശം 4000-ത്തോളം തൊഴിലാളികളും ഫാക്ടറി

ജീവനക്കാരും കാപ്പക്സിന്റെ അധീനതയിലുള്ള 10 ഫാക്ടറികളിലായി ജോലി നോക്കിവരുന്നു. സർക്കാരിന്റെ 100 ദിനകർമ്മ പദ്ധതികളുടെ ഭാഗമായി കാപ്പക്സിന്റെ അധീനതയിലുള്ള 10 ഫാക്ടറികളിലെ വിവിധ സെക്ഷനുകളിലായി 1000 തൊഴിലാളികളെ കൂടി പുതുതായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കശുവണ്ടി പരിപ്പിന്റെ ഹോൾസെയിൽ വിപണനരംഗത്ത് ഇ-ടെണ്ടർ നടപടി സ്വീകരിച്ച ആദ്യത്തെ പൊതുമേഖലാ സ്ഥാപനമാണ് കാപ്പക്സ്. കാപ്പക്സിന്റെ പരിപ്പ് വില്പന 2019-20 വർഷം മുതൽ ഇ-ടെണ്ടർ മുഖേന നടത്തിവരുന്നു. ആയതുമൂലം പരിപ്പിന്റെ വിപണനം കൂടുതൽ സുതാര്യവും മത്സാരാധിഷ്ഠിതവുമാവുകയും കശുവണ്ടി പരിപ്പിന് മെച്ചപ്പെട്ട വില ഉറപ്പാക്കാനും കഴിയുന്നുണ്ട്. കൂടാതെ തൊഴിലാളികളുടെ / ജീവനക്കാരുടെ വേതനം ബാങ്ക് അക്കൗണ്ട് വഴിയാക്കുകവഴി സുതാര്യത ഉറപ്പുവരുത്തുവാനും കൂടാതെ സമയബന്ധിതമായി വേതനം തൊഴിലാളികളുടെ അക്കൗണ്ടിൽ എത്തുവാനും സഹായകരമായിട്ടുണ്ട്.

ബാംബൂ കോർപ്പറേഷൻ മുഖേന ഈറ്റയിൽനിന്നും അളി കീറി പനമ്പ് നെയ്യേണ്ടിവരുന്ന പ്രായോഗികബുദ്ധിമുട്ടുകൾമൂലം ഈ മേഖലയിൽ നിന്നും

മാറി നിൽക്കുന്ന തൊഴിലാളികളെ തിരിച്ചുകൊണ്ടുവരുന്നതിനാൽ അത്തരക്കാർക്ക് ആവശ്യാനുസരണം പനമ്പ് നെയ്യുവാൻ വേണ്ട അളി വിതരണം ചെയ്യുകയെന്ന ലക്ഷ്യത്തോടെ അങ്കമാലിയിലും പെരുമ്പാവൂർ വല്ലത്തും അളിവിതരണ യൂണിറ്റുകൾ ആരംഭിക്കുകയുണ്ടായി. വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി പുതിയ അളി എടുക്കുന്ന യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു. പുതിയ ഉല്പന്നം എന്ന നിലയ്ക്ക് ബാംബൂ ലോഗ്സ്, ബാംബൂ കൊറുഗേറ്റഡ് ഷീറ്റ്, ചന്ദനത്തിരി സ്റ്റിക്ക് എന്നിവയുണ്ടാക്കുന്നതിനുള്ള പ്രോജക്ട് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ബാംബൂ ബോർഡ് ഫാക്ടറിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വില കുറഞ്ഞ എന്നാൽ ഗുണമേന്മ കൂടിയ ബാംബൂ പ്ലൈ സ്റ്റാൻഡേർഡ് വിപണിയിലെത്തിക്കാനുള്ള ശ്രമങ്ങൾ നടത്തിവരികയാണ്. ബാംബൂ കോർപ്പറേഷൻ പരമ്പരാഗത ഈറ്റ പനമ്പ് തൊഴിലാളി മേഖലയിലുള്ള പ്രവർത്തനത്തിനൊപ്പം മുളയെ ഒരു വ്യാവസായിക നിർമ്മാണ വസ്തുവായി ഉയർത്തുന്നതിനുവേണ്ടി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

കയർ വ്യവസായ മേഖലയിൽ ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ച് സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പാക്കുക, കയർ ജിയോ ടെക്സ്റ്റൈൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ഉല്പന്ന രംഗത്ത് വൈവിദ്ധ്യവൽക്കരണവും നൂതനമാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നിവ വഴി ഒരു രണ്ടാംഘട്ട പുനഃസംഘടന നടപ്പാക്കുകയാണ്. തൊണ്ട് സംഭരണം ശക്തിപ്പെടുത്തിയും പൂർണ്ണമായും യന്ത്രവൽക്കരണം നടപ്പിലാക്കിയും പരമാവധി ചകിരി ഉല്പാദിപ്പിച്ച് കയർ മേഖലയെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ രണ്ടാം പുനഃസംഘടന വിജയപ്രദമായി മുന്നോട്ട് പോവുകയാണ്. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉല്പാദക കമ്പനികൾ, ആഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായി യന്ത്രവത്ക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉല്പാദിപ്പിക്കുന്നതിനും കയർ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കുടുംബശ്രീ സംസ്ഥാന

മിഷനും ജില്ലാ മിഷനുകളുമായി ചേർന്ന് കണ്ണൂർ പ്രോജക്ട് ഓഫീസിനുകീഴിൽ രണ്ടും തൃശ്ശൂർ പ്രോജക്ട് ഓഫീസിനുകീഴിൽ ഒന്നും ഉൾപ്പെടെ മൂന്ന് ഡി.എഫ്. മില്ലുകൾ കുടുംബശ്രീ യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുണ്ട്. കണ്ണൂർ, തൃശ്ശൂർ, നോർത്ത് പറവൂർ, കോഴിക്കോട്, പൊന്നാനി എന്നീ പ്രോജക്ടുകളിലായി ആറ് ഡി.എഫ്. യൂണിറ്റുകൾ കൂടി സ്ഥാപിക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. ചകിരി ഉല്പാദനത്തിൽ നിർണ്ണായക അളവുവരെ സ്വയംപര്യാപ്തത കൈവരിക്കുക എന്നതാണ് പ്രധാനമായും ലക്ഷ്യമിട്ടിട്ടുള്ളത്. 13-ാം പഞ്ചവത്സര പദ്ധതി കാലത്ത് 500 ചകിരി മില്ലുകൾ സ്ഥാപിക്കുക എന്ന ഉദ്ദേശത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ മുന്നോട്ടു പോകുകയാണ്. സംസ്ഥാനത്ത് ഇതിനോടകം തന്നെ 113 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. 27 ഡി.എഫ്. മില്ലുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. സ്വകാര്യ സംരംഭകരും സർവ്വീസ് സഹകരണ ബാങ്കുകളും 80 പുതിയ ഡി.എഫ്. മില്ലുകൾ ആരംഭിക്കുന്നതിനുള്ള ധാരണാപത്രം കയർ കേരള 2019-ൽ ഒപ്പുവയ്ക്കുകയും തുടർ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്.

കയർഫെഡ് കേരളത്തിലെ കയർ സഹകരണ സംഘങ്ങൾക്ക് നൽകുന്ന ചകിരിയുടെ 44 ശതമാനം കേരളത്തിലെ ഡി.എഫ്. മില്ലുകളിൽനിന്ന് ഉല്പാദിപ്പിച്ചതാണ്. 2019-20 -ൽ കയർഫെഡിന്റെ ചകിരി സംഭരണം 3330.70 ടൺ ആയിരുന്നു. 2020-21 ഏപ്രിൽ മുതൽ ഡിസംബർ വരെ 8458.90 ടൺ ചകിരി കയർഫെഡ് സംഭരിച്ചിട്ടുണ്ട്. ആയതിൽ 2463.30 ടൺ ചകിരി കേരളത്തിലെ ഡി.എഫ്. മില്ലുകളിൽനിന്ന് സംഭരിച്ചിതാണ്. കേരളത്തിന്റെ വടക്കൻ മേഖലകളിൽ കൂടുതൽ തൊണ്ട് ലഭ്യമാകുന്നതിനാൽ ആ മേഖലകളിൽ കൂടുതൽ ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനും സബ്സിഡി നൽകിക്കൊണ്ട് സ്വകാര്യ സംരംഭകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. തൊണ്ട് ലഭ്യത താരതമ്യേന കുറവുള്ള തെക്കൻ മേഖലകളിൽ ന്യായവിലയിൽ തൊണ്ട് ലഭ്യമാക്കുന്നതിന് വൈക്കം ആസ്ഥാനമായി രൂപീകരിച്ച കയർ കൺസോർഷ്യം വഴി സാധ്യമായിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം നിലവിൽ വൈക്കം കേന്ദ്രീകരിച്ചാണ് നടക്കുന്നതെങ്കിലും കേരളത്തിലെ മുഴവൻ സംഘങ്ങൾക്കും ഇതിന്റെ സേവനം ലഭ്യമാണ്.

കയർ സഹകരണ സംഘങ്ങളിൽ യന്ത്രവത്ക്കരണത്തിന്റെ ഭാഗമായി 14083 എണ്ണം ഇലക്ട്രിക് റാട്ടുകൾ നൽകിക്കഴിഞ്ഞു. കൂടാതെ 10/20 ക്രമത്തിൽ ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് സഹകരണ സംഘങ്ങളെ ഫാക്ടറി ടൈപ്പ് സംഘങ്ങളാക്കി നവീകരിക്കുന്ന നടപടികളും ആരംഭിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ ഏകദേശം 200 സംഘങ്ങളിലായി 2000 എ.എസ്.എം. സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 100 സംഘങ്ങളിലായി 1000 എ.എസ്.എം. സ്ഥാപിച്ചുകഴിഞ്ഞു. 2015-16-ൽ 7000 ടൺ ആയിരുന്ന കയറുല്പാദനം 2019-20-ൽ 20500 ടൺ ആയി ഉയർത്താൻ കഴിഞ്ഞു.

ആലപ്പുഴ ജില്ല കേന്ദ്രീകരിച്ചാണ് പ്രധാനമായും ഉല്പന്ന നിർമ്മാണ മേഖല പ്രവർത്തിക്കുന്നത്. എൻ.സി.ഡി.സി.-യുടെ സഹായത്തോടെ ആലപ്പുഴ പ്രോജക്ടിനുകീഴിലുള്ള 6 മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിൽ 50 ആട്ടോമാറ്റിക് ലൂമുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.സി.എം.എം.സി. ടെണ്ടർ ക്ഷണിക്കുകയും ചെറുവാരണം സി.എം. & എം.സി.എസ്. ലി. നം. 989-ൽ ലൂമുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് 5 സി.എം. &എം.സി.എസ്. നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുകയാണ്.

2020-21-ൽ 40000 ടൺ കയർ ഉല്പാദനം ലക്ഷ്യമിടുന്നു. ഇപ്രകാരം ഉല്പാദിപ്പിക്കുന്ന കയർ ആഭ്യന്തര വിപണിയിൽ ഉപയോഗപ്പെടുത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. അതിനാൽ കയർ ഭൂവസ്ത്ര പരിപാടി വിപുലമായി നടപ്പിലാക്കും. 2019 കയർ കേരളയിൽ ഒപ്പുവച്ച 103 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കിവരികയാണ്.

പരമ്പരാഗത കരകൗശലമേഖലയെ ശക്തിപ്പെടുത്തുന്നതിനായി ഇൻകം ജനറേഷൻ ഇൻ ട്രെഡിഷണൽ സെക്ടർ എന്ന പദ്ധതി പ്രകാരം കരകൗശല ശില്പികൾക്കുള്ള പരിശീലന പദ്ധതി സുരഭി മുഖാന്തിരം പൂർത്തീകരിച്ചു. അതുപ്രകാരം 700 ആർട്ടിസാൻസിന് പരിശീലനം ലഭിക്കുകയും 3500-ലധികം പേർക്ക് പ്രയോജനം ലഭിക്കുകയും ചെയ്തു. പരമ്പരാഗത കരകൗശല ഉല്പന്നങ്ങൾ ഉൾപാദിപ്പിക്കുന്നതിനും അവ അനായാസം വിറ്റഴിക്കുന്നതിനും നൂതന സാങ്കേതിക വിദ്യകളുപയോഗിച്ച് സുരഭിയുടെ ക്രാഫ്റ്റ് ഡെവലപ്മെന്റ് സെന്ററിൽ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും പരിശീലനം നൽകുന്നതിനും ഡിസൈൻ ഡെവലപ്മെന്റ് വർക്ക് ഷോപ്പും ട്രെയിനിംഗും നടപ്പിലാക്കിയിട്ടുണ്ട്.

കെൽപാം മുഖേന പുതിയതായി ഫുള്ളി ആട്ടോമാറ്റിക് പെറ്റ് ബോട്ടിൽ പ്ലാന്റ് സ്ഥാപിച്ച് 6 ഫ്ളേവറുകളിലായി കോളകൾ നിർമ്മിച്ച് വിപണനം നടത്തി വരുന്നു. സീസണലായി മാത്രം ലഭിക്കുന്ന നൊങ്ക്, അക്കാനി (നീര) മുതലായവ ലഭ്യമാകുന്ന മുറയ്ക്ക് ശേഖരിച്ച് സൂക്ഷിക്കുന്നതിനായി ചില്ലർ റൂമും മറ്റ് അസംസ്കൃത വസ്തുക്കൾക്കായി സ്റ്റോർ റൂമും സ്ഥാപിച്ചു. ഉല്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി 'ലാബും ' സ്ഥാപിക്കുകയുണ്ടായി.

പാലക്കാട് കല്ലേപ്പുള്ളിയിൽ 48 TPD ടൺ ഉല്പാദനശേഷിയുള്ള മോഡേൺ റൈസ് മിൽ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു. ആരോഗ്യദായകമായ ന്യൂട്രീഫുഡ് പനംകിഴങ്ങിൽനിന്നും ഉല്പാദിപ്പിക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

# അനുബന്ധം 2

**ശ്രീ. സേവ്യർ ചിറ്റിലപ്പള്ളി എം.എൽ.എ 05.08.2021 ലേയ്ക്ക് നോട്ടീസ് നൽകിയ സബ്മിഷൻ നോട്ടീസിനുള്ള മറുപടി.**

കഴിഞ്ഞ വർഷങ്ങളിൽ മധ്യ കേരളത്തിലെ പ്രധാന ചികിത്സാ കേന്ദ്രമായ തൃശ്ശൂർ മെഡിക്കൽ കോളേജിനെ Centre of Excellence ആക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. അതിന്റെ ഭാഗമായി

മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും HLL-നെ കൺസൽട്ടന്റായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ വികസനവുമായി ബന്ധപ്പെട്ട് പുതുതായി Mother & Child block, സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് എന്നിവ കിഫ്ബി പദ്ധതിയിൽപ്പെടുത്തി നിർമ്മാണം ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രി രോഗീ സൗഹൃദമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. കാൻസർ ചികിത്സാ സംവിധാനം ശക്തിപ്പെടുത്തുന്നതിനുവേണ്ടി ലീനിയർ ആക്സിലറേറ്റർ സ്ഥാപിച്ചുകഴിഞ്ഞു.

തൃശ്ശൂർ മെഡിക്കൽ കോളേജിൽ 8.60 കോടി രൂപ ചെലവഴിച്ച് കാർഡിയോളജി വിഭാഗത്തിൽ കാത്ത് ലാബ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിനായി 19 തസ്തികകളും കാർഡിയോ തൊറാസിക് വിഭാഗം ആരഭിക്കാൻ 14 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. ഇവിടെ രണ്ട് സീറ്റോടുകൂടി ഡി.എം. കാർഡിയോളജി കോഴ്സും തുടങ്ങിയിട്ടുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജിൽ കേടായ ടെലി കോബാൾട്ട് മെഷീൻ ഒരു കോടി രൂപ

ചെലവഴിച്ച് ഉപയോഗപ്രദമാക്കി കാൻസർ രോഗികൾക്കായി കീമോ ഡെ കെയർ സെന്റർ പണികഴിപ്പിച്ചു. സി.ടി. സ്കാനർ സ്ഥാപിച്ചു. 2016-17 മുതൽ 2019-20 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ആകെ 716.09 കോടി രൂപ തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ആർദ്രം, ഇ-ഹെൽത്ത് എന്നീ പദ്ധതികൾ ആരംഭിച്ചുകഴിഞ്ഞു. കാത്ത്ലാബ്, ജീറിയാട്രിക് ക്ലിനിക്, കീമോ ഡേ കെയർ എന്നിവ പ്രവർത്തനം ആരംഭിച്ചു.

തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനത്തിനും കാർഡിയോളജി, നിയോനെറ്റോളജി, റേഡിയോ ഡയഗ്നോസിസ് മുതലായ വകുപ്പുകളുടെ പൂർത്തീകരണം, ശക്തിപ്പെടുത്തലുകൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

1. <u>ട്രോമാ കെയർ പൂർത്തീകരിക്കുന്നതിനായി എടുത്തിട്ടുള്ള നടപടികൾ</u>

കേന്ദ്ര ഫണ്ട് പദ്ധതിയായ Commencement of Emergency & Critical care Department in Medical Colleges and strengthening of supporting facilities തൃശ്ശൂർ മെഡിക്കൽ കോളേജിൽ ആരംഭിക്കുന്നതിനായി

സ.ഉ.(സാധാ)നമ്പർ 2447/2012 ആ.കു.വ. തീയതി 24-7-2012 പ്രകാരം 1459.03 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിരുന്നു. പദ്ധതിയുടെ ആദ്യ ഘട്ടമായി മെഡിക്കൽ ICU സൗകര്യങ്ങൾ ഏർപ്പെടുത്തി. പദ്ധതിയുടെ രണ്ടാം ഘട്ടമായിട്ടാണ് 2016-ൽ ട്രോമാ കെയർ ആൻഡ് ട്രയേജ് കെട്ടിടത്തിന്റെ നിർമ്മാണം വിഭാവനം ചെയ്തത്. 2014-ൽ ആരംഭിച്ച രണ്ടാം ഘട്ട പ്രവൃത്തിയുടെ കൺസർട്ടന്റ് ഒഘഘ ആണ്. ഈ പദ്ധതിയുടെ 85% ജോലി കഴിഞ്ഞിട്ടുണ്ട്. എന്നാൽ കരാറുകാരൻ സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ HLL നോട്ടീസ് നൽകുകയും തുടർന്ന് കരാറുകാരൻ ഹൈക്കോടതിയെ സമീപിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WP(C) 23073/2020 കേസിന്മേലുള്ള 01-02-2021 –ലെ വിധിയിൽ HLL കരാറുകാരന് നൽകിയ കാരണം കാണിക്കൽ നോട്ടീസിന്മേൽ അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി കരാറുകാരനെയും, തൃശ്ശൂർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിനെയും HLL-നെയും നേരിട്ട് കേൾക്കണമെന്ന് സർക്കാരിന് ബഹുമാനപ്പെട്ട കോടതി നിർദ്ദേശം നൽകിയതിനെത്തുടർന്ന് മേൽപ്പറഞ്ഞവരുടേയും, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെയും വാദങ്ങൾ 25-3-2021 വീഡിയോ

കോൺഫറൻസിലൂടെ സർക്കാർ കേൾക്കുകയുണ്ടായി. ട്രയാജ് കെട്ടിടത്തിലെ പൂർത്തിയാകാനുള്ള പണികൾ എത്രയും വേഗം നിലവിലെ കരാറുകാരനെക്കൊണ്ടോ മറ്റേതെങ്കിലും സബ്കരാറുകാരന്റെ സേവനം ഉപയോഗപ്പെടുത്തിയോ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കാൻ G.O (Rt) No; 1230/2021/H&FWD Dtd, 10-062021 പ്രകാരം ഒഘഘന നിർദ്ദേശം നൽകി ഉത്തരവായി.

ഇതിന്റെ തുടർ നടപടികൾക്കായി ബഹുമാനപ്പെട്ട വടക്കാഞ്ചേരി എം.എൽ.എ.-യുടെ നേതൃത്വത്തിൽ 2021 ജൂൺ മാസത്തിൽ ഒരു മീറ്റീംഗ് നടത്തുകയും ജോലികൾ ത്വരിതപ്പെടുത്തി മൂന്നു മാസത്തിനുള്ളിൽ പൂർത്തീകരിക്കാമെന്ന് HLL പ്രതിനിധികൾ യോഗത്തെ അറിയിക്കുകയും ചെയ്തിരുന്നു. തുടർ നടപടികൾക്കായി HLL Health Care -നു ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയതിനെത്തുടർന്ന് HLL സ്ഥലം സന്ദർശിച്ച് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. 4 മാസത്തിനുള്ളിൽ പണി തീർക്കുമെന്ന് HLL ഉറപ്പുനൽകിയിട്ടുണ്ട്.

2. <u>Emergency Medicine Department</u>

ട്രോമാ കെയർ നിലവിൽ വരുന്ന മുറയ്ക്ക് NMC നിബന്ധനകൾ

പ്രകാരം അത്യന്താപേക്ഷിതമായ എമർജൻസി മെഡിസിൻ ഡിപ്പാർട്ടുമെന്റ്, തൃശ്ശൂർ മെഡിക്കൽ കോളേജിൽ ആരംഭിക്കേണ്ടതുണ്ട്. പ്രധാനമായും മദ്ധ്യകേരളത്തിലെ 3 ജില്ലകളിലെ രോഗികൾക്ക് ആവശ്യമായതും മികച്ച ചികിത്സ നൽകുന്നതിന് ഒഴിച്ചുകൂടാൻ പറ്റാത്തതുമാണ് എമർജൻസി മെഡിസിൻ ഡിപ്പാർട്ട്മെന്റ് ആരംഭിക്കുക എന്നുള്ളത്. കേരളത്തിലെ കോഴിക്കോട്, തിരുവനന്തപുരം, കോട്ടയം മെഡിക്കൽ കോളേജുകളിൽ സ്ഥാപിച്ച എമർജൻസി മെഡിസിൻ ഡിപ്പാർട്ട്മെന്റ് തൃശ്ശൂർ മെഡിക്കൽ കോളേജിനും ആവശ്യമാണ്. എമർജൻസി മെഡിസിൻ വിഭാഗം തുടങ്ങുന്നതിലേയ്ക്കായി ഓരോന്ന് വീതം പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, 2 അസിസ്റ്റന്റ് പ്രൊഫസർ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

3. <u>സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികെട്ടിടം</u>

മെഡിക്കൽ കോളേജ് മാസ്റ്റർ പ്ലാനിന്റെ ഭാഗമായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി കെട്ടിടത്തിന്റെ (Mother & Child block) നിർമ്മാണത്തിന് 2019-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ കൺസൾട്ടന്റായി M/s. INKEL

നെ ആണ് തീരുമാനിച്ചിരിക്കുന്നത്. വിവിധ ഘട്ടങ്ങളായി M/s. INKEL-ഉം ആശുപത്രി പ്രതിനിധികളുമായി ചർച്ച നടത്തിയശേഷം വിശദമായ പദ്ധതിരേഖ തയ്യാറാക്കി ഡി.എം.ഇ. ടെക്നിക്കൽ കമ്മിറ്റിയുടെ അപ്രൂവൽ ലഭ്യമാക്കിയിട്ടുണ്ട്. അന്തിമ പദ്ധതി രേഖ അടിയന്തരമായി ലഭ്യമാക്കി കിഫ്ബിയുടെ സാമ്പത്തിക അനുമതിയോടെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. <u>സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്</u>

തൃശ്ശൂർ മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 285.54 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പദ്ധതിയുടെ കൺസൾട്ടന്റായി M/s. INKEL-നെ ആണ് തീരുമാനിച്ചിരുന്നത്. 16-3-2021-ൽ KIIFB-ൽ സമർപ്പിച്ച DPR- ന് ധനകാര്യ അനുമതി നൽകുകയും ചെയ്തിരുന്നു. KIIFB യുടെ നിർദ്ദേശപ്രകാരം വരുത്തിയ മാറ്റങ്ങൾ ചർച്ച ചെയ്യുന്നതിനായി 22-6-2021-ൽ DME-യുടെ Technical Committee-യും INKEL-ന്റെ പ്രതിനിധിയും തൃശ്ശൂർ മെഡിക്കൽ കോളേജിൽവച്ച് ചർച്ച നടത്തുകയും, എല്ലാ വകുപ്പ് മേധാവികളും അംഗീകരിച്ച plan കിഫ്ബിയിൽ സമർപ്പിക്കാനായി

തയ്യാറാക്കിയിട്ടുണ്ട്. കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി കിട്ടുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാൻ സാധിക്കും.

5. <u>Neonatal വിഭാഗം</u>

മദ്ധ്യ കേരളത്തിലെ 3 ജില്ലകളിലെ ശിശുരോഗ വിഭാഗങ്ങളിലെ രോഗികളുടെ ആധുനിക ചികിത്സയ്ക്കും അത്യാഹിത ചികിത്സയ്ക്കും ഏറ്റവും കൂടുതൽ റഫറൽ വരുന്ന ഒരു വിഭാഗമാണ് Neonatology. തൃശ്ശൂർ മെഡിക്കൽ കോളേജ് കാലത്ത് ഒരു അസോസിയേറ്റ് പ്രോഫസർ, രണ്ട് അസിസ്റ്റന്റ് പ്രൊഫസർ, 2 സീനിയർ റസിഡന്റ് എന്നീ തസ്തികകൾ പുതുതായി സൃഷ്ടിച്ച് Neonatology വിഭാഗം പുതുതായി നിലവിൽ വരുകയുണ്ടായി. DM Neonatology തുടങ്ങുന്നതിനായുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. മാത്രമല്ല അട്ടപ്പാടി ആദിവാസി മേഖലകളിലെ നവജാത ശിശുക്കൾക്കുള്ള ആരോഗ്യ പരിപാലനത്തിനായി ഈ സംവിധാനം വളരെയധികം പ്രയോജനപ്പെടുന്നതാണ്.

6. <u>Radiology വിഭാഗം</u>

കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിൽ റേഡിയോളജി വിഭാഗത്തിൽ PG കോഴ്സുകൾ ആരംഭിച്ചതിലൊന്ന് തൃശ്ശൂർ മെഡിക്കൽ

കൊളേജിലാണ്. കേരളത്തിലെ മറ്റ് സർക്കാർ മെഡിക്കൽ കോളേജുകളെ പോലെ എല്ലാ ആധുനിക സൗകര്യങ്ങളോടും കൂടിയാണ് തൃശ്ശൂർ മെഡിക്കൽ കോളേജിലെ റേഡിയോളജി വിഭാഗം പ്രവൃത്തിച്ചുവരുന്നത്. ആധുിക‍ സംവിധാനങ്ങളായ 4D Ultra sound Sonography-യും നാല് Ultra sound മെഷീനുകളും പ്രവർത്തിച്ചുവരുന്നുണ്ട് ആധുനിക X-Ray സംവിധാനങ്ങളായ Digital Radiography system, DSA system എന്നിവയും പ്രവർത്തിച്ചുവരുന്നു. സാധാരണ പരിശോധനകൾക്കായി 2 X-Ray മെഷീനുകളും 4 portable X-Ray മെഷീനുകളും പ്രവർത്തിക്കുന്നുണ്ട്.

MRI സ്കാൻ (1.5 Tesla)-ന്റെ പ്രവർത്തനത്തിനായി HLL-നു പുറം കരാർ നൽകിയിരിക്കുകയാണ്. കൂടാതെ എല്ലാ മെഡിക്കൽ കോളേജുകളുലെയും ഇമേജിംഗ് സംവിധാനം ശക്തിപ്പെടുത്തുന്നതിനായി പ്ലാൻ ഫണ്ടിൽ പ്രത്യേക സ്കീമിൽ ഉൾപ്പെടുത്തി എല്ലാ വർഷവും ആവശ്യമായ തുകകൾ മെഡിക്കൽ കൊളേജുകൾക്ക് നൽകിവരുന്നുണ്ട്.

7.<u>കാർഡിയോളജി വിഭാഗം</u>

മദ്ധ്യ കേരളത്തിലെ 3 ജില്ലകളിലെ കാർഡിയോളജി വിഭാഗങ്ങളിലെ രോഗികളുടെ ആധുനിക ചികിത്സയ്ക്കും അത്യാഹിത ചികിത്സയ്ക്കും ഏറ്റവും

കൂടുതൽ റഫറൽ വരുന്ന ഒരു വിഭാഗമാണ്. കാർഡിയോളജി വിഭാഗം 2 സീറ്റുകൾ ലഭ്യമാക്കി പി.ജി. ആരംഭിച്ചിട്ടുണ്ട്. രോഗികളുടെ ബാഹുല്യം കണക്കിലെടുത്ത് ഈ വിഭാഗത്തിനെ ശക്തിപ്പെടുത്തുവാനായുള്ള സംവിധാനങ്ങൾ ഇനിയും ഒരുക്കേണ്ടതുണ്ട്. കാർഡിയോളജി വിഭാഗം ശക്തിപ്പെടുത്തുന്നതിനായി ഒരു പ്രൊഫസർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. അതോടൊപ്പം തന്നെ കാർഡിയോ വാസ്കുലർ തൊറാസിക് സർജറി (CTVS) വിഭാഗത്തിലെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ എന്നീ തസ്തികകളിൽ ഓരോന്നുവീതം തസ്തികകൾ പുതുതായി സൃഷ്ടിക്കുന്ന കാര്യവും പരിശോധിച്ചുവരുന്നു.

*****